ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ആഫീസ് നടപടിക്രമം**
**വികാസ് ഭവൻ, തിരുവനന്തപുരം**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് – ജീവനക്കാര്യം – കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഡയഗ്നോസ്റ്റിക്ക് വെറ്ററിനറി ക്ലിനിക്കൽ ലാബിൽ ഒഴിവുള്ളതായ ലാബ് അറ്റന്റന്റ് തസ്തികയിൽ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| **നമ്പർ – AHD/5104/2019-K2.** | **തീയതി:16/11/2019** |

പരാമർശം: 1) കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ആഫീസറുടെ DAHO/KSD/117/2019-B1 dated Nil നമ്പർ കത്ത്.

2) ഈ ആഫീസിലെ 22/07/2019 ലെ മേൽ നമ്പർ സർക്കുലർ.

**ഉത്തരവ്**

മേൽ പരാമർശം 1 ലെ കത്ത് പ്രകാരം കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഡയഗ്നോസ്റ്റിക്ക് വെറ്ററിനറി ക്ലിനിക്കൽ ലാബിലെ ലാബ് അറ്റന്റന്റ് ആയ ശ്രീ ബാലകൃഷ്ണൻ.വി 31/05/2019 ന് വിരമിച്ചതിനാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുണമെന്ന് കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ആഫീസർ അപേക്ഷിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് (ക്ളാസ്സ് 4) ജീവനക്കാരിൽ നിന്ന് യോഗ്യരായ ജീവനക്കാരിൽ നിന്ന് ബൈ ട്രാൻസ്ഫർ നിയമനം പ്രകാരം മേൽ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി പരാമർശം 2 ലെ സർക്കുലർ പ്രകാരം അപേക്ഷ ക്ഷണിയ്ക്കുകയും നിർദ്ദിഷ്ഠ തിയ്യതിയ്ക്കുള്ളിൽ ലഭിച്ച 4 അപേക്ഷകരെ 31/10/2019 രാവിലെ 11 മണിയ്ക്ക് ഇന്റർവ്യൂവിന് ക്ഷണിയ്ക്കുകയും ഹാജരായ 3 പേരെ ഇന്റർവ്യൂ നടത്തുകയും ആയതിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ റീജിയണൽ എ എച്ച് സെന്ററിലെ അറ്റന്റന്റ് ആയ ശ്രീമതി വനജ .എസ് ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

| Name & Designation | Office Address | Date of Birth | Qualification |
|---|---|---|---|
| Smt.Vanaja.S<br>Attendant,<br>PEN 305753 | Regional Animal Health Centre, Payyannur, Kannur. | 15/06/1976 | 1.SSLC Passed |

| | | | |
|---|---|---|---|
| | | | |

മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ റീജിയണൽ എ എച്ച് സെന്ററിലെ അറ്റന്റന്റ് ആയ ശ്രീമതി വനജ .എസ് നെ (പെൻ നമ്പർ 305753) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഡയഗ്നോസ്റ്റിക്ക് വെറ്ററിനറി ക്ലിനിക്കൽ ലാബിൽ നിലവിൽ ഒഴിവുള്ളതായ **ലാബ് അറ്റന്റന്റ് തസ്തികയിൽ 17500-500-2000- 550-22200-600-25200-650-27800-700-29900-800-33900-900-37500-1000-39500 ശമ്പള സ്കെയിലിൽ** ബൈ ട്രാൻസ്ഫർ നിയമനപ്രകാരം നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടി ജീവനക്കാരി ജോലിയിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ തുടർച്ചയായ 2 വർഷക്കാലയളവിനുള്ളിലെ ഒരു വർഷം യോഗ്യസേവന കാലം പ്രൊബേഷനിൽ ആയിരിക്കും.

നിയന്ത്രണ ഉദ്യോഗസ്ഥൻ ജീവനക്കാരിയെ സംബന്ധിച്ച ഐഡന്റിറ്റി , യോഗ്യത, മറ്റ് രേഖകൾ എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം ജീവനക്കാരിയെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

ജീവനക്കാരിയെ വിടുതൽ ചെയ്യുന്നതും , ജോലിയിൽ പ്രവേശിച്ചതുമായ വിവരം നിയന്ത്രണ ഉദ്യോഗസ്ഥർ യഥാസമയം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.

Signature Not Verified
Digitally signed by Dr M K Prasad
Date: 2019.11.16 23:11:00 IST
Reason: Approved

**DR.PRASAD M K**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) ശ്രീമതി വനജ.എസ്, അറ്റന്റന്റ് , റീജിയണൽ എ എച്ച് സെന്റർ, പയ്യന്നൂർ, കണ്ണൂർ ജില്ല. (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

2) ജില്ലാ മൃഗസംരക്ഷണ ആഫീസർ, കണ്ണൂർ / കാസർഗോഡ്.

3) വെറ്ററിനറി സർജൻ, ഡയഗ്നോസ്റ്റിക്ക് വെറ്ററിനറി ക്ലിനിക്കൽ ലാബ്, കാഞ്ഞങ്ങാട്.

4) അസിസ്റ്റന്റ് പ്രോജക്ട് ആഫീസർ, റീജിയണൽ എ എച്ച് സെന്റർ, പയ്യന്നൂർ, കണ്ണൂർ.

5) സ്റ്റോക്ക് ഫയൽ - കെ 2

6) ഐ ടി സെക്ഷൻ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി